# കേര കർഷകരെ ദ്രോഹിക്കുന്ന അധികാരത്തർക്കം

കർഷകന് ഗുണം കിട്ടുന്ന ഏതു നവീന സംരംഭവും തകർക്കാൻ ഉദ്യോഗസ്ഥപ്പട കച്ചകെട്ടിയിരിപ്പുണ്ടെന്ന ആക്ഷേപം ശരിവയ്ക്കുന്നതാണ് ഏറെ കൊട്ടിഘോഷിക്കപ്പെട്ട നീര ഉത്പാദനത്തിൽ വന്നുപെട്ട തടസങ്ങൾ. കേരവികസന ബോർഡും സംസ്ഥാന കൃഷിവകുപ്പും എക്സൈസ് വകുപ്പുമെല്ലാം ചേർന്ന് പിറവിയിൽത്തന്നെ നീരയെ ഞെരിച്ചുകൊല്ലാനാണ് ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് വിപണിയിലെത്തിച്ച നീരയ്ക്ക് ജനങ്ങളിൽനിന്ന് അത്ഭുതപൂർവമായ സ്വീകരണമാണ് ലഭിച്ചത്. നീരയെക്കുറിച്ച് പറഞ്ഞും കേട്ടും അറിഞ്ഞവർ അതിന്റെ രുചി അറിയാൻ സംസ്ഥാനത്തുടനീളം കാത്തിരിക്കാൻ തുടങ്ങിയിട്ട് ഏറെക്കാലമായി. എന്നാൽ ഉത്പാദനവും വിപണനവും നന്നേ പരിമിതമായതിനാൽ നീര ഇപ്പോഴും കിട്ടാക്കനി തന്നെയാണ്. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കിടയിലെ അധികാരത്തർക്കം ഇപ്പോഴത്തെ നിലയ്ക്ക് തുടരുകയാണെങ്കിൽ അടുത്തകാലത്തൊന്നും ഈ പാനീയം ജനങ്ങൾക്ക് കിട്ടാനും പോകുന്നില്ല.

കുറ്റമറ്റ നിലയിൽ നീര ഉത്പാദിപ്പിക്കാനുള്ള സാങ്കേതികവിദ്യ ഇവിടെത്തന്നെ രൂപപ്പെട്ടിട്ടുണ്ട്. വിപണനത്തിനും പ്രയാസമില്ല. ലോകത്തിന്റെ ഏതു കോണിൽ നിന്നെത്തുന്ന ഏതു ഉത്പന്നത്തിനും വിപണിയുള്ള സംസ്ഥാനത്ത് നീര മറ്റേതു ശീതളപാനീയവും പോലെ നിഷ്പ്രയാസം വിറ്റുപോകും. കലർപ്പും മായവും ദോഷകരമായ രാസവസ്തുക്കളുമൊന്നുമില്ലാത്തതിനാൽ നീര ആരോഗ്യസമ്പുഷ്ടമായ പാനീയമാണെന്ന് ഇതിനകം ഖ്യാതി നേടിയിട്ടുമുണ്ട്. വിലയുടെ കാര്യത്തിലും മറ്റു കമ്പനി ഉത്പന്നങ്ങളെപ്പോലെ തന്നെ സാധാരണക്കാർക്കും താങ്ങാവുന്ന നിലയിലാണ്. എല്ലാ അനുകൂല സാഹചര്യങ്ങളുണ്ടായിട്ടും ഉത്പാദനം മാത്രം നടക്കുന്നില്ല. നീര ഉത്പാദനത്തിന് തെങ്ങ് വിട്ടുകൊടുത്ത് കുടുംബവരുമാനം വർദ്ധിപ്പിക്കാമെന്നു പ്രതീക്ഷിച്ചിരുന്ന കേരകർഷകരെ തീർത്തും നിരാശപ്പെടുത്തുന്നതാണ് ഇക്കാര്യത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ സമീപനം.

നീര ചെത്ത് എക്സൈസ് വകുപ്പിന്റെ പരിധിയിൽപ്പെടുന്നതാണെന്ന കാലഹരണപ്പെട്ട സമീപനമാണ് ആദ്യം ഉപേക്ഷിക്കേണ്ടത്. ഏതു നിലയിൽ നോക്കിയാലും നീര ലഹരി പാനീയമല്ല. ശുദ്ധമായ തെങ്ങിൻ പൂക്കുല ചെത്തി എടുക്കുന്ന നീര മദ്യത്തിന്റെ പട്ടികയിൽപ്പെടുന്നുമില്ല. ഇളനീർ പോലെ ആർക്കും കഴിക്കാവുന്ന ലഘുപാനീയത്തിന്റെ ഗണത്തിലാണ് നീരയുടെ സ്ഥാനം

പത്തു ജില്ലകളിൽ നീര ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുമെന്ന് നടപ്പു ബജറ്റിൽ സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നു. പതിനഞ്ചു കോടി രൂപയും ഇതിനായി വകകൊള്ളിച്ചു. മറ്റു പല കാര്യത്തിലുമെന്നപോലെ ചില്ലിക്കാശ് ഇതിനുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടില്ല. നാളികേര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ കോഴിക്കോട് എലത്തൂരിലും കണ്ണൂരിലെ ആറളത്തും നീര പ്ലാന്റുകൾ ഉടനടി തുടങ്ങേണ്ടതായിരുന്നു.

കേര കർഷകർ ചേർന്നു രൂപീകരിക്കുന്ന ഫെഡറേഷനുകൾക്കു മാത്രമേ നീര ചെത്താനുള്ള ലൈസൻസ് നൽകൂ എന്നതാണ് സർക്കാർ നിലപാട്. ഇതിനായി സംസ്ഥാനത്തുടനീളം അനവധി ഫെഡറേഷനുകൾ ജന്മമെടുത്തിട്ടുണ്ട്. തൊഴിലാളികളും പരിശീലനം നേടി ഫെഡറേഷനുകൾക്കു ലൈസൻസ് ലഭിക്കുന്നതും കാത്തിരിക്കുകയാണ്. ഇരുന്നൂറോളം നീര യൂണിറ്റുകൾക്ക് ഉടനെ ലൈസൻസ് നൽകാൻ പോകുന്നതായി എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു കഴിഞ്ഞ മാസം പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനെച്ചൊല്ലിയും അധികാരത്തർക്കം മുറുകുന്നതാണ് തുടർന്നു കണ്ടത്. ലൈസൻസ് നൽകാനുള്ള അധികാരം കൃഷിവകുപ്പിനു കീഴിൽ വരുന്ന നീര ബോർഡിനാണെന്നാണ് കൃഷിവകുപ്പിന്റെ നിലപാട്. എക്സൈസ് വകുപ്പിന് ഇതിൽ എന്തു കാര്യമെന്ന മട്ടിൽ കൃഷിമന്ത്രിയും പ്രതികരിച്ചിട്ടുണ്ട്.

നീര ചെത്ത് എക്സൈസ് വകുപ്പിന്റെ പരിധിയിൽപ്പെടുന്നതാണെന്ന കാലഹരണപ്പെട്ട സമീപനമാണ് ആദ്യം ഉപേക്ഷിക്കേണ്ടത്. ഏതു നിലയിൽ നോക്കിയാലും നീര ലഹരി പാനീയമല്ല. ശുദ്ധമായ തെങ്ങിൻ പൂക്കുല ചെത്തി എടുക്കുന്ന നീര മദ്യത്തിന്റെ പട്ടികയിൽപ്പെടുന്നുമില്ല. ഇളനീർ പോലെ ആർക്കും കഴിക്കാവുന്ന ലഘുപാനീയത്തിന്റെ ഗണത്തിലാണ് നീരയുടെ സ്ഥാനം. അബ്കാരി ലൈസൻസ് എന്ന ഉമ്മാക്കി കാട്ടി കേര കർഷകരെ പേടിപ്പിക്കാതെ ഉത്പാദനത്തിനു സന്നദ്ധരായി മുന്നോട്ടുവരുന്ന കേര കർഷക സംഘങ്ങൾക്കെല്ലാം അനുമതി നൽകുകയാണ് സർക്കാർ ചെയ്യേണ്ടത്. എക്സൈസ് വകുപ്പിനാണ് ഫെഡറേഷനുകൾ അപേക്ഷ നൽകേണ്ടതെന്ന് വന്നതോടെ ഇതിനായി ജന്മം കൊടുത്ത നീര ബോർഡ് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാതെ കഴിയുകയാണ്. 173 ഫെഡറേഷനുകൾ എക്സൈസ് വകുപ്പിന് അപേക്ഷ നൽകിയെങ്കിൽ നീര ബോർഡിനു കിട്ടിയത് എട്ട് അപേക്ഷ മാത്രമാണ്. കാർഷിക ഉത്പാദന കമ്മിഷണറുടെ അദ്ധ്യക്ഷതയിലുള്ള പതിനൊന്നംഗ നീര ബോർഡിൽ എക്സൈസ് കമ്മിഷണറും ഉൾപ്പെടുന്ന നിലയ്ക്ക് തീരുമാനം ബോർഡിനു കൈക്കൊള്ളാവുന്നതേയുള്ളൂ. നീര ഉത്പാദനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കേണ്ട ചുമതലയും ബോർഡിനാണല്ലോ.

മദ്യത്തിന്റെ പരിധിയിൽ വരാത്ത ഒരു പാനീയത്തിന്റെ ഉത്പാദന വിപണന മേഖലയിൽ എക്സൈസ് വകുപ്പ് ഇടപെടുന്നതുതന്നെ അസംബന്ധമാണ്. പള്ളി അരമനകളിൽ വരെ വീഞ്ഞു വാറ്റാൻ നിർബാധം ലൈസൻസും സൗകര്യങ്ങളും അനുവദിക്കാമെങ്കിൽ കൃഷിരംഗത്ത് ഇപ്പോഴും പുറമ്പോക്കിൽ കഴിയുന്ന കേരകർഷകർക്കു നാലു കാശുണ്ടാക്കാൻ കഴിയുന്ന നീര ചെത്തലിന് കർക്കശമായ എക്സൈസ് നിയമങ്ങൾ ബാധകമാക്കുന്നതെന്തിനാണ്? സംസ്ഥാനത്ത് 18 കോടി തെങ്ങുകളുണ്ടെന്നാണ് കണക്ക്. അതിൽ ഒരു ശതമാനമെങ്കിലും നീര ഉത്പാദനത്തിനായി മാറ്റാൻ കഴിഞ്ഞാൽ അതിൽ നിന്നുണ്ടാകുന്ന് വരുമാനം സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റും. ഒരു തെങ്ങിൽ നിന്ന് ഒരു വർഷം പതിനയ്യായിരത്തിലേറെ രൂപയുടെ ആദായമുണ്ടാക്കാമെന്നാണ് ഈ രംഗത്ത് പഠനം നടത്തിയവർ പറയുന്നത്. ഇപ്പോൾ ഒരു ലക്ഷം തെങ്ങുകൾ പോലും നീര ചെത്താനായി ഫെഡറേഷനുകളുടെ കീഴിൽ വന്നിട്ടില്ല. കല്പകവൃക്ഷമെന്ന പേരും പെരുമയും അക്ഷരാർത്ഥത്തിൽ നിലനിറുത്താൻ ലഭിച്ച കനകാവസരമാണ് സർക്കാരിന്റെ നിഷ്ക്രിയതമൂലം നഷ്ടമായിക്കൊണ്ടിരിക്കുന്നത്. നീരയ്ക്കായി നാട്ടുമുഴുവൻ കാത്തിരിക്കുമ്പോൾ അബ്കാരി നിയമത്തിന്റെ ദ്രവിച്ച വകുപ്പുകൾ കഴുത്തിലണിഞ്ഞ് പരിഹാസ നൃത്തമാടുകയാണ് മന്ത്രിമാർ.